# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 21/05/ 2020

## മാസ്ക് ബോധവൽകരണത്തിനായി പോലീസ് നടപ്പാക്കിയ “ ബാസ്ക് ഇൻ ദി മാസ്ക് ” ക്യാമ്പയിൻ തുടരുന്നു.

കൊല്ലം : കൊറോണ വൈറസ് വ്യാപനം തടയുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾ മാസ്ക് ധരിക്കുന്നത് ശീലമാക്കുന്നതിനായി സിറ്റി പോലീസ് നടപ്പാക്കിയ “ ബാസ്ക് ഇൻ ദി മാസ്ക് ” ക്യാമ്പയിൻ തുടരുന്നു. പൊതുജനങ്ങൾ മാസ്ക് ധരിക്കുന്നു എന്നുറപ്പാക്കാൻ നഗരത്തിലും പട്ടണത്തിലും പോലീസ് ഏർപ്പെടുത്തിയ സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെ പരിശോധനയിൽ പൊതുസ്ഥലത്ത് മാസ്ക് ധരിക്കാത്തതുമായി ബന്ധപ്പെട്ട് 116 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു. ക്യാമ്പയിന്റെ ഭാഗമായി മാസ്ക് ധരിക്കാത്തവർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ബോധവൽക്കരണം നടത്തി സൗജന്യമായി മാസ്ക്കുകൾ നൽകുകയും ചെയ്ത് വരുന്നു. ലോക്-ഡൗൺ നിബന്ധനകൾ ലംഘിച്ചതിന് 26 കേസുകൾ രജിസ്റ്റർ ചെയ്ത് 39 പേരെ അറസ്റ്റ് ചെയ്തു.11 വാഹനങ്ങൾ പിടിച്ചെടുത്തു. കൊല്ലം ഈസ്റ്റ്, വെസ്റ്റ്, കിളികൊല്ലൂർ പോലീസ് സ്റ്റേഷൻ പരിധികളിൽ ലോക്-ഡൗൺ മാനദണ്ഡങ്ങൾ ലംഘിച്ച് പ്രതിഷേധ പരിപാടികളിൽ പങ്കെടുത്തതിന് 32 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു. കണ്ണനല്ലൂർ വേപ്പിൻമുക്കിൽ ശുചീകരണ സംവിധാനങ്ങൾ ഏർപ്പെടുത്താതെ സ്റ്റേഷനറിക്കട തുറന്ന് പ്രവർത്തിപ്പിച്ചതിന് കടയുടമ നെടുമ്പന സ്വദേശി അൻവർഷാക്കെതിരെ കൊവിഡ് പ്രോട്ടോകോൾ ലംഘനത്തിന് കേസ് രജിസ്റ്റർ ചെയ്തു. സർക്കാർ നിർദേശപ്രകാരം തുറന്ന് പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളിൽ ശുചീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതും ജീവനക്കാർ നിർബന്ധമായും മാസ്ക് ധരിക്കേണ്ടതും സർക്കാർ നിർദേശിച്ച ഹോം ക്വാറന്റൈനിലും ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിലും കഴിയുന്നവർ ക്വാറന്റൈൻ നിഷ്കർഷകൾ കർശനമായും പാലിക്കേണ്ടതാണെന്നും നിർദേശങ്ങൾ ലംഘിക്കുന്നവർക്കെതിരേ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.